# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3753 15.05.2017 ൽ മറുപടിയ്ക്ക്**

**ചാലിയപ്പുറം ഗവൺമെന്റ് ഹൈസ്കൂളിലെ വിവിധ തസ്തികകളിലെ നിയമനം.**

**ചോദ്യം** | **ഉത്തരം**

ശ്രീ. ടി.വി. ഇബ്രാഹിം | പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർ.എം.എസ്.എ (രാഷ്ട്രീയ മധ്യമ ശിക്ഷാ അഭിയാൻ); പദ്ധതിയിൽ പ്പെടുത്തി ഹൈസ്കൂളാക്കി ഉയർത്തിയ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചാലിയപ്പുറം ഗവൺമെൻറ് ഹൈസ്കൂളിൽ ഹെഡ് മാസ്റ്റർ , ഓഫീസ് സ്റ്റാഫ് തസ്തികകളിലെ നിയമനം നാളിതു വരെയും നടപ്പിലാകാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചാലിയപ്പുറം ഗവ. ഹൈസ്കൂൾ ആർ.എം.എസ്.എ. പദ്ധതിപ്രകാരമല്ല ഉയർത്തപ്പെട്ടത്. 2013 ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ടി സ്കൂൾ ഉൾപ്പെടെയുള്ള 29 സ്കൂളുകളിൽ പ്രഥമാധ്യാപകരെ നിയമിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ ടി സ്കൂളിലെ ഓഫീസ് സ്റ്റാഫ് തസ്തികകളിലെ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത സ്കൂളിൽ ഹെഡ് മാസ്റ്റർ, ഓഫീസ് സ്റ്റാഫ് തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | | |
| സി) ടി നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | | |
| ഡി) 2013-ൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട മറ്റ് സ്കൂളുകളിൽ ഹെഡ് മാസ്റ്റർ, ഓഫീസ് സ്റ്റാഫ് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ